**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4312** **18-07-2022 - ൽ മറുപടിയ്ക്ക്**

**ഉടുപ്പി-കരിന്തളം അന്തർസംസ്ഥാന വൈദ്യുതി ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ (ഉടുപ്പി-കരിന്തളം) ഭാഗമായി കാസർഗോഡ് ജില്ലാ അതിർത്തിയിൽ നിന്നും കരിന്തളം കയനി വരെ എത്ര ടവറുകളാണ് സ്ഥാപിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉഡുപ്പി-കാസർഗോഡ് ലൈനിന്റെ നിർമ്മാണ പ്രവൃത്തി കേന്ദ്ര ഊർജ്ജ മന്ത്രാലയം (MoP), Tariff Based Competitive Bidding (TBCB) അടിസ്ഥാനത്തിൽ ടെൻഡർ വിളിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത M/s Sterlite Power Transmission Ltd.-നു നൽകുകയും ചെയ്തു. പ്രസ്തുത കമ്പനി ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് ( UKTL) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാസർഗോഡ് ജില്ലാ അതിർത്തിയിൽ നിന്നും കരിന്തളം - കയനി വരെ 101 ടവറുകൾ ആണ് സ്ഥാപിക്കുന്നത്. ഇവയിൽ കാസർഗോഡ് ഫോറസ്റ്റ് ഏരിയയിലെ 8 ടവറുകളും ഉൾപ്പെടും. കൂടാതെ കരിന്തളത്ത് 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ടവറും ലൈനും കടന്നുപോകുന്ന സ്ഥലത്തെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഈ പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഉണ്ട്; കേന്ദ്ര ഊർജ്ജ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്റ്റിന് വിധേയമായാണ് നഷ്ടപരിഹാരം നൽകുന്നത്. |
| (സി) | സ്ഥലം ഉടമകൾ നഷ്ടപരിഹാരം ആവശ്യപ്പെട്ട് ജോലി തടസ്സപ്പെടുത്തുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | കൂടുതൽ നഷ്ടപരിഹാരം ആവശ്യപ്പെട്ട് ജോലി തടസ്സപ്പെടുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നപരിഹാരത്തിന് കാസർഗോഡ് ജില്ലാ കളക്ടർ, ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും, കർഷക പ്രതിനിധികളുടെയും, ഉഡുപ്പി കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) അധികൃതരുടെയും, |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചു ചേർക്കുകയും, ആയതിലെ തീരുമാനപ്രകാരം നഷ്ടപരിഹാര തുക പുന:പരിശോധിക്കുന്നതിനും ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഭൂവുടമകളുടെ പരാതികൾ പരിഹരിക്കുന്നതിനുമായി രണ്ട് കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ബഹു. എം.എൽ.എ മാർ ആവശ്യപ്പെട്ട പ്രകാരം ഇത് സംബന്ധിച്ച ഉചിത നിർദ്ദേശം സഹിതമുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ 14.7.2022-ൽ ചേർന്ന യോഗത്തിൽ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ